പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.480. 22.07.2015 ൽ മറുപടിയ്ക്ക്.

## വാഹനങ്ങൾക്ക് ഫിറ്റ്നസ്സ്സർട്ടിഫിക്കറ്റ്

| ചോദ്യം<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>,, കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് കുറ്റമറ്റതും ശാസ്ത്രീയവുമായ രീതി അവലംബിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | വാഹനങ്ങളുടെ യന്ത്രഭാഗങ്ങളുടെ കുറ്റമറ്റതും ശാസ്ത്രീയമായതുമായ പരിശോധന നടത്തി വാഹന ഗതാഗതം സുഗമമാക്കാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ ഒരു ജില്ലയിൽ ഒന്നു വീതവും പിന്നീട് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്കു കീഴിലും കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലൈറ്റ് മോട്ടോർ വാഹനങ്ങളാണ് ഇവിടെ പരിശോധന നടത്തുന്നത്. ഭാവിയിൽ എല്ലാ തരം വാഹനങ്ങളുടെയും പരിശോധന നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | കെൽട്രോണുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | കണ്ണൂർ ജില്ലയിലെ എളയാവൂർ, കോഴിക്കോട് ജില്ലയിലെ ചേവായൂർ, തിരുവനന്തപുരം ജില്ലയിലെ പാറശാല എന്നിവിടങ്ങളിൽ ഓരോ കമ്പ്യൂട്ടർ വൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. മൂവാറ്റുപുഴയിൽ ആരക്കുഴ, തിരുവനന്തപുരത്ത് മുട്ടത്തറ, കോട്ടയത്ത് മോനിപ്പള്ളി എന്നിവിടങ്ങളിൽ കൂടി ഓരോ കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവ കൂടാതെ ഈ വർഷം ഇനിയും മൂന്ന് കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനു കൂടി പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. സ്ഥലലഭ്യത യനുസരിച്ച് ടി ഫണ്ട് വിനിയോഗിച്ച് അവയുടെ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.